പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1974 **26-10-2026-ൽ മറുപടിയ്ക്ക്**

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സ്വകാര്യ ആശുപത്രികൾ സ്വന്തമായി ചികിത്സാ നിരക്ക് പ്രഖ്യാപിക്കുന്നതിന് പകരം സർക്കാർ തന്നെ നിശ്ചയിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: 30.12.2025-ലെ സ.ഉ.(സാധാ.) നം. 4008/2025 /ആ.കു.വ. പ്രകാരം സംസ്ഥാനത്തെ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി, ഒരു വിദഗ്ധ സമിതിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാ ചെലവുകൾ പരിശോധിക്കുന്നതിനും ആരോഗ്യ പരിചരണ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ച് വരുന്നു.

(ബി) സ്വകാര്യ ആശുപത്രികൾ സ്വയം ചികിത്സാനിരക്ക് പ്രഖ്യാപിക്കുന്നത് കൊണ്ട് രോഗികൾക്ക് നേട്ടമില്ലാത്തതിനാൽ ആശുപത്രികളുടെ ചികിത്സാ സൗകര്യങ്ങൾ അടിസ്ഥാനമാക്കി നിരക്ക് നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചികിത്സാ നിരക്ക് നിർണ്ണയിക്കുന്നത് 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്റെ പരിധിയിൽ വരുന്നതല്ല.

(സി) ചില ആശുപത്രികളിൽ കിടക്കകൾ കൂടുതലാണെങ്കിലും ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ചികിത്സാ, പരിശോധനാ സംവിധാനങ്ങളിലെ സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തിയ ശേഷം ചികിത്സാ നിരക്ക് നിർണ്ണയിക്കാനുള്ള സംവിധാനം ഒരുക്കുമോയെന്നും ഇതിനായി വിവിധ സ്ലാബുകൾ നിശ്ചയിക്കുമോയെന്നും വിശദമാക്കാമോ?

<u>മറുപടി:</u> നിലവിൽ പരിഗണനയിലില്ല. എന്നിരുന്നാലും പുതിയ ബില്ലിൽ ഉൾപ്പെടുത്തി നിയമം പരിഷ്കരിച്ചു നടപ്പിൽ വരുത്തും.

സെക്ഷൻ ഓഫീസർ